# കില
## വാർത്താപത്രിക

VOLUME-8
ISSUE-6
JUNE 2015

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org





തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കഴിഞ്ഞ ഇരുപതുവർഷം നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിന്റെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി കില ഡയറക്ടർ ഡോ.**പി.പി.ബാലൻ** ഉദ്ഘാടനം ചെയ്യുന്നു.

# തദ്ദേശസ്ഥാപനങ്ങൾ 20 വർഷത്തെ വികസനപ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നു

അധികരവികേന്ദ്രീകരണത്തിനന്റെ ഭാഗമായി കഴിഞ്ഞ ഇരുപതുവർഷം നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നു. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടികളെക്കുറിച്ചും വികസനത്തെക്കുറിച്ചും സമഗ്രമായി അറിയാൻ സംവിധാനമുണ്ടാക്കുകയാണ് ലക്ഷ്യം. റിപ്പോർട്ടുകൾ മുഴുവൻ പിന്നീട് കിലയുടെ ആർക്കൈവ്സിൽ സൂക്ഷിക്കുമെന്ന് കില ഡയറക്ടർ ഡോ.പി.പി. ബാലൻ അറിയിച്ചു. അധികാരവികേന്ദ്രീകരണത്തിൽ രാജ്യത്തു ഒന്നാംസ്ഥാനത്തു നിൽക്കുന്ന സംസ്ഥാനമാണ് കേരളം.

1995 ലാണ് ഗ്രാമസഭകൾ ശക്തിപ്പെടുത്തി അധികാരവികേന്ദ്രീകരണത്തിനു തുടക്കമിട്ടത്. ഗ്രാമപഞ്ചായത്ത്-നഗരസഭ- കോർപ്പറേഷനുകളിൽ പശ്ചാത്തല-സേവന-ഉൽപ്പാദന മേഖലകളിൽ നടപ്പിലാക്കിയ മുഴുവൻ പദ്ധതികളും അതിന്റെ വിവരങ്ങളും ഉൾപ്പെട്ട റിപ്പോർട്ടുകളാണ് തയ്യാറാക്കുക. ഈ കാലയളവിൽ ചെലവഴിച്ച മൊത്തം പദ്ധതിവിഹിതം, വനിതാവികസനം, പട്ടികവിഭാഗം വികസനം, റോഡ്, ഭവനനിർമ്മാണം, കുടിവെള്ള-വിദ്യാഭ്യാസ പദ്ധതികൾ , ഗ്രാമസഭയിലെ ജനപങ്കാളിത്തം, ഭരണത്തിലെ ജനകീയ ഇടപെടൽ തുടങ്ങിയ എല്ലാ മേഖലകളിലേയും നടപടികൾ രേഖയിലുൾപ്പെടുത്തും.സേവനമേഖലയിലെ നൂതനപദ്ധതികൾ പ്രത്യേകമായി രേഖപ്പെടുത്തും. പദ്ധതി നടത്തിപ്പിലെ ജയപരാജയങ്ങൾ,പരാജയത്തിന്റെ കാരണങ്ങൾ എന്നിവ വിശദമാക്കുന്ന റിപ്പോർട്ട് പുസ്തകരൂപത്തിലാണ് പ്രസിദ്ധീകരിക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ ഉൾപ്പെടെ മൂന്നുപേർക്കുള്ള പരിശീലനം കിലയിൽ തുടങ്ങി. കില ഡയറക്ടർ ഡോ.പി.പി.ബാലൻ പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ. സണ്ണി ജോർജ് ,കോർഡിനേററർ പി.വി.രാമകൃഷ്ണൻ, പപ്പൻ കുട്ടമത്ത്, ശശിധരൻ എന്നിവർ സംസാരിച്ചു.പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന ആറംഗസമിതിയാണ് രേഖകൾ തയ്യാറാക്കുക. കരടുരേഖ വിപുലമായ സെമിനാറിൽ പൊതുജനസമക്ഷം അവതരിപ്പിച്ച് അഭിപ്രായങ്ങൾ സ്വരൂപിച്ചുവേണം റിപ്പോർട്ടിനു അന്തിമരൂപം നൽകാൻ. അല്ലാത്തവ അംഗീകരിക്കില്ല. റിപ്പോർട്ട് നിഷ്പക്ഷമായിരിക്കണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പോർട്ടുകൾ ആഗസ്റ്റ് 25 നകം നൽകിയിരിക്കണം. ഇതിനായി രണ്ടുലക്ഷം രൂപ വീതം ചെലവഴിക്കാൻ തദ്ദേശസ്ഥാപനങ്ങൾക്കു സർക്കാർ അനുമതി നൽകി.




തൃശ്ശൂർ സെന്റ് തോമസ് സ്വയംഭരണകോളേജിലെ അധ്യാപകർക്കുവേണ്ടി കിലയിൽ സംഘടിപ്പിച്ച ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം കില ഡയറക്ടർ ഡോ.**പി.പി. ബാലൻ** ഉദ്ഘാടനം ചെയ്യുന്നു

# അധികാരവികേന്ദ്രീകരണം: പാഠ്യപദ്ധതിയിൽ അർഹിക്കുന്ന പരിഗണന നൽകണമെന്ന് കില ഡയറക്ടർ

**ത**ദ്ദേശസ്വയംഭരണസ്ഥാപനങ്ങളെക്കുറിച്ചും അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും പാഠ്യപദ്ധതിയിൽ അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ലെന്ന് കില ഡയറക്ടർ ഡോ.പി.പി. ബാലൻ. തൃശ്ശൂർ സെന്റ് തോമസ് സ്വയംഭരണകോളേജിലെ അധ്യാപകർക്കുവേണ്ടി കിലയിൽ സംഘടിപ്പിച്ച ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന ഭരണസംവിധാനമാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേത്. ഉള്ളവനും ഇല്ലാത്തവനും എന്ന വ്യത്യാസമില്ലാത്തതാണ് ഗ്രാമസഭ. പ്രാദേശിക സർക്കാരുകളെ സഹായിക്കാൻ പരിചയസമ്പന്നരായ ഉദ്യോഗസ്ഥവൃന്ദമില്ലെന്നതു ഒരു ന്യൂനതയാണ്. ഇതു പരിഹരിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് പ്രാദേശികഭരണത്തെക്കുറിച്ചുള്ള സർവകലാശാല തുടങ്ങാൻ സർക്കാർ തീരുമാനിച്ചത്. കില യൂണിവേഴ്സിറ്റിയായി മാറുമ്പോൾ പരിശീലനത്തിനും ഗവേഷണത്തിനും കോഴ്സുകൾക്കും പ്രാധാന്യം നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം.രാജ്, എക്സ്റ്റഷൻ ഫാക്കൽറ്റി പി.വി. രാമകൃഷ്ണൻ, കോളേജ് പ്രിൻസിപ്പൽ ഡോ.പി.ഒ.ജെൻസൻ, വൈസ് പ്രിൻസിപ്പൽ ഫാ.ബൈജു ചാക്കേരി എന്നിവർ സംസാരിച്ചു. പ്രജോതിനികേതൻ കോളേജ് അസോസിയേറ്റ് പ്രൊഫ.ഡോ. മോൻസി എഡ്വേർഡ്, ഡോ.പീറ്റർ എം. രാജ് എന്നിവർ ക്ലാസ്സെടുത്തു. അദ്ധ്യയനവർഷം തുടങ്ങുന്ന ദിവസം ഓരോ വർഷവും നടത്തിവരാറുള്ള ഓറിയന്റേഷൻ പ്രോഗാമിന്റെ ഭാഗമായിട്ടാണ് അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ഈ പ്രോഗ്രാം സംഘടിപ്പിച്ചത്.



ഏകദിന ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുത്ത തൃശ്ശൂർ സെന്റ് തോമസ് സ്വയംഭരണകോളേജിലെ അധ്യാപകർ

# വിവരാവകാശനിയമം ദുരുപയോഗം ചെയ്യരുത്

**വി**വരാവകാശ നിയമപ്രകാരം പൊതു അധികാരിയിൽനിന്ന് വിവരങ്ങൾ ലഭിക്കുന്നതിനു ബി.പി.എൽ സർട്ടിഫിക്കറ്റുള്ളവർക്കു സൗജന്യമായാണ് വിവരങ്ങൾ നൽകാൻ വ്യവസ്ഥയുള്ളത്. പലരും ഈ നിയമം ദുരുപയോഗം ചെയ്ത് പൊതു അധികാരിയടെ ഓഫീസിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന തരത്തിൽ ഭീമമായ ആവശ്യങ്ങളുന്നയിച്ച് അപേക്ഷ സമർപ്പിക്കുന്നതു സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിനാൽ ബി.പി.എൽ സർട്ടിഫിക്കറ്റു വച്ച് അപേക്ഷിക്കുന്നവർക്കു പരമാവധി ഇരുപതു പേജിൽ (എ.4 സൈസ്) കൊള്ളാവുന്ന വിവരങ്ങൾ മാത്രമേ നൽകേണ്ടതുള്ളൂവെന്ന് ഉത്തരവായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ അറിയുന്നതിനു ഓഫിസിലെത്തി നേരിട്ടു പരിശോധിക്കാവുന്നതാണ്. വിവരാവകാശ നിയമം 2006 സബ്റൂൾ 4 സെക്ഷൻ 4 ഭേദഗതി ചെയ്തുകൊണ്ടാണ് സർക്കാർ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്. (സ.ഉ.(പി) നമ്പർ 20/2015 ജി.എ.ഡി.തീയതി.17.1.15 പ്രകാരമുള്ള ഉത്തരവിൽ ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്.



പുതുതായി തെരഞ്ഞെടുക്കപ്പെട്ട തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിലെ കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർക്കു കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടി

## സി.ഡി.എസ് ചെയർപേഴ്സൺമാർക്കു കിലയിൽ പരിശീലനം പൂർത്തിയായി

പുതുതായി തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർക്കുള്ള ദ്വിദിന പരിശീലനം കിലയിൽ പൂർത്തിയായി.600 ൽ പരം സി.ഡി.എസ് ചെയർ പേഴ്സൺമാർക്കാണ് പരിശീലനം നൽകിയത്. ഓരോ ബാച്ചുകളിലും 120 പേർ വീതം പങ്കെടുത്തു. തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽനിന്നുള്ളവരുടെ പരിശീലനപരിപാടി കില ഡയറക്ടർ ഡോ.പി.പി. ബാലൻ ഉദ്ഘാടനം ചെയ്തു. കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജ് ആമുഖപ്രഭാഷണം നടത്തി. കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ സംസാരിച്ചു.

അധികാരവികേന്ദ്രീകരണവും സ്ത്രീകളും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കുടുംബശ്രീയും, പ്രാദേശികാസൂത്രണം, കുടുംബശ്രീ പദ്ധതികൾ, വനിതാഘടകപദ്ധതികൾ തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം. പപ്പൻ കുട്ടമത്ത്, മായാശശിധരൻ, രേണുകുമാർ തുടങ്ങിയവരാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്.



പരിസ്ഥിതിദിനത്തോടനുബന്ധിച്ച് കിലയും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച വൃക്ഷതൈ നടീൽ കില കാമ്പസിൽ ഡയറക്ടർ ഡോ.**പി.പി.ബാലൻ** നിർവഹിക്കുന്നു

## പുഴയ്ക്കൽ ബ്ലോക്കിൽ 50,000 വൃക്ഷതൈകൾ വിതരണം ചെയ്തു

**ലോക** പരിസ്ഥിതിദിനത്തിൽ കിലയുടേയും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കില കാമ്പസിലും ബ്ലോക്ക് പഞ്ചായത്ത തിർത്തിയിൽപെട്ട ഗ്രാമപഞ്ചായത്തുകളിലും വൃക്ഷതൈകൾ നട്ടു. ഉദ്ഘാടനച്ചടങ്ങ് കില കാമ്പസിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാഗി ജോസ് നിർവഹിച്ചു. മുളംകുന്നത്തുകാവ് പഞ്ചായത്ത് പ്രസിഡന്റ് കെ.ജെ.ദേവസ്സി അദ്ധ്യക്ഷനായിരുന്നു. മുഖ്യാതിഥിയായി പങ്കെടുത്ത കില ഡയറക്ടർ ഡോ.പി.പി. ബാലൻ പരിസ്ഥിതിസംരക്ഷണ പ്രതിജ്ഞ ചൊല്ലി കോടുത്തു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ തൃശ്ശൂർ ജില്ലാ സെക്രട്ടറി രാജേന്ദ്രൻ അരങ്ങത്ത്, ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് അംഗങ്ങളായ മധു കല്ലാറ്റ്,ഓമന രവീന്ദ്രൻ, എം.എ.രാമകൃഷ്ണൻ, ആനി ജോസ്, രാജു, ബിന്ദു ബെന്നി, ബിന്ദുപ്രസാദ്, രഞ്ജു വാസുദേവൻ, മെറീന ബാബു, പുഷ്പലത ശശിധരൻ, ജോ.ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ കെ.ഇ. ഉണ്ണി എന്നിവർ സംസാരിച്ചു. അവണൂർ ഗ്രാമപഞ്ചായത്താണ് 50,000 വൃക്ഷതൈകൾ പഞ്ചായത്തുകൾക്കും സ്കൂളുകൾക്കും വായനശാലകൾക്കും ക്ലബ്ബുകൾക്കു വ്യക്തികൾക്കുമായി വിതരണം ചെയ്തത്.




# കില : പിന്നിട്ട 25 വർഷങ്ങൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിശീലനകേന്ദ്രമായ കില പ്രവർത്തനം തുടങ്ങിയിട്ട് കാൽ നൂററാണ്ട് പിന്നിട്ടു. സർക്കാരിന്റെ കീഴിലുള്ള വിവിധ പഠന, പരിശീല ഗവേഷണ സ്ഥാപനങ്ങൾ ഭരണസിരാകേന്ദ്രത്തോട് അരികുചേർന്ന് പ്രവർത്തിക്കാനോ സ്ഥാപിക്കാനോ ആണ് സാധാരണ നിലയിൽ ഭരണസംവിധാനം (ജനപ്രതിനിധി ഉദ്യോഗസ്ഥ കൂട്ടായ്മ) ആഗ്രഹിക്കുന്നതും അതനുസരിച്ച് ഫയലുകൾ ജന്മമെടുക്കുന്നതും. എന്നാൽ തികച്ചും വ്യത്യസ്തമാണ് കില എന്ന ചുരുക്കപ്പേരിലറിയുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ എന്ന സ്വയംഭരണ പഠന-പരിശീലന- ഗവേഷണ സ്ഥാപനം. 1987 ജനുവരി 31 നാണ് അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരൻ മുൻകൈ എടുത്ത് സ്ഥാപിച്ച ഈ കേന്ദ്രത്തിന്റെ തറക്കല്ലിട്ടത്. കില തൃശൂരിൽ സ്ഥാപിതമായ അതേ കാലയളവിലാണ് പാലക്കാട്ടുകാരനായിരുന്ന മന്ത്രി സി.എം. സുന്ദരം (തദ്ദേശസ്വയംഭരണ വകുപ്പ് ) ഗ്രാമലക്ഷ്മി മുദ്രാലയം പാലക്കാട്ടെ കഞ്ചിക്കോടു പ്രവർത്തനമാരംഭിച്ചത്. പഞ്ചായത്തുകൾക്കാവശ്യമായ അച്ചടിസംബന്ധമായ ജോലികളാണ് ഇവിടെ ചെയ്തുവരുന്നത്.


കിലയിലെ ഗ്രാമസ്വരാജ് ആർട്ട് ഗാലറിയിൽനിന്ന്

1990 ജൂൺ 16 ന് അന്നത്തെ മുഖ്യമന്ത്രി ഇ.കെ. നായനാർ ഉദ്ഘാടനം ചെയ്ത കില ഇരുപത്തഞ്ചു വർഷം പിന്നിടുകയാണ് . ഇന്ന് കേരളത്തിന്റെ മാത്രം അഭിമാനമല്ല കില, മറിച്ച് ദേശീയ അന്തർദേശീയ തലത്തിൽ തന്നെ വികേന്ദ്രീകരണ പ്രാദേശിക സർക്കാരുകളിൽ പ്രവർത്തിക്കുന്ന ഏവരുടെയും സ്വകാര്യ അഹങ്കാരമാണ്. പ്രവർത്തനമികവിൽ ഈ സ്ഥാപനം ഉന്നതനിലവാരവും പ്രശസ്തിയും കാത്തുസൂക്ഷിക്കുന്നു. വേറിട്ട പ്രവർത്തനശൈലിയുള്ള ഡയറക്ടർ ഡോ. പി.പി. ബാലന്റെ നേതൃത്വത്തിൽ പ്രൊഫസർമാരായ ഡോ. സണ്ണി ജോർജ്ജ്, ഡോ. പീറ്റർ എം. രാജ്, ഡോ. ജെ.ബി. രാജൻ എന്നിവരടങ്ങുന്ന നാലംഗ അക്കാദമിക് കമ്മിറ്റി, പങ്കാളിത്ത ജനാധിപത്യത്തിന്റെ പ്രകടവേദികളായി മാറിയ ഗ്രാമപഞ്ചായത്തുകളെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പരീക്ഷണശാലകളായി പരുവപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. കാലഘട്ടത്തിന്റെ അനിവാര്യതയായ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് ഇന്ന് ഇന്ത്യയിൽ മാതൃകകൾ സൃഷ്ടിച്ചു മുന്നേറുന്നത് കേരളത്തിലെ ത്രിതല പഞ്ചായത്തീരാജ് സ്ഥാപനങ്ങളാണ്. ഇതിന് പിന്നിലെ ചാലകശക്തി അന്വേഷിക്കാൻ ശ്രമിച്ചാൽ അത് കിലയാണെന്ന് ആരും സാക്ഷ്യപ്പെടുത്തും. പരമ്പരാഗതമായി സർക്കാർ സ്ഥാപനങ്ങൾക്ക് ചാർത്തി നൽകി വരുന്ന ചട്ടക്കൂടുകളിൽനിന്നും വ്യത്യസ്തത പുലർത്തി വരുന്നതാണ് കിലയുടെ സമീപനവും കാഴ്ചപ്പാടും. അതുകൊണ്ടാണ് പരിഹാസത്തിന്റെ ചേരുവയിലാണെങ്കിൽ കൂടിയും കാര്യമായി പ്രമാണി എന്ന മമ്മൂട്ടി ചിത്രത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസിഡന്റിനോട് ആധികാരികമായി സംസാരിക്കുമ്പോൾ കിലയിൽ പരിശീലനത്തിന് പോയതാണല്ലേ എന്ന് ചോദിക്കുന്ന പ്രസിഡന്റിന്റെ ഡയലോഗ് ഇവിടെ പ്രസക്തമാകുന്നത്.

## തുടക്കം ഇങ്ങനെ

13 പ്രാവശ്യം പഞ്ചായത്ത് ഭരണസമിതിക്ക് കാലാവധി നീട്ടിക്കൊടുത്ത വകുപ്പിന്റെ മന്ത്രിയായിരുന്നു അവുക്കാദർ കുട്ടിനഹ. ഒടുവിൽ ഭരണസമിതിയെ പിരിച്ചുവിട്ട കാലയളവിലായിരുന്നു എൻ.വി. മാധവൻ എന്ന ദീർഘവീക്ഷണമുള്ള ഐ.എ.എസുകാരൻ പഞ്ചായത്ത് ഡയറക്ടറായി വരുന്നത്. പഞ്ചായത്തിലെ അധികാരം മുഴുവനും ഡയറക്ടറുടെ കൈയിലായിരുന്നു. പരിമിതമായ






അധികാരങ്ങളോടും സൗകര്യങ്ങളോടും കൂടി അക്കാലത്തു തന്നെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചായത്ത് അഡ്മിനിസ്ട്രേഷൻ എന്ന പരിശീലന കേന്ദ്രം തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തിച്ചിരുന്നു. എൻ.വി. മാധവന്റെ വാക്കുകൾ കടമെടുത്തു പറഞ്ഞാൽ തിരുവനന്തപുരത്തെ ഒരു തീയറ്ററിന്റെ മൂത്രപ്പുരയ്ക്കു പിറകിലും കോഴിക്കോട്ടെ ഒരു മീൻചന്തയ്ക്കു പിറകിലും. രണ്ടിടത്തെയും ഗന്ധം ഏറെ സമാനമായിരുന്നു. ഈ അന്തരീക്ഷത്തിൽ ഒരു പരിശീലനം സാധ്യമാകുമായിരുന്നില്ല. എന്നാലും നാമമാത്രമായി പരിശീലനങ്ങൾ നടന്നുവന്നിരുന്നു. മറ്റു ജില്ലകളിൽനിന്നും തിരുവനന്തപുരത്തെത്തുന്ന പരിശീലനാർത്ഥികൾ ഒപ്പിട്ട് മുങ്ങി തലസ്ഥാനത്തെ ഭരണകേന്ദ്രങ്ങളിൽ കാര്യങ്ങൾ നേടിയെടുക്കുന്നതിൽ പരിശീലനമായിരുന്നു ഒരു തരത്തിൽ അവിടെ നടന്നത്. ഡയറക്ടറേറ്റിൽ ഉദ്യോഗസ്ഥർ അവരുടേതായ രീതിയിൽ ഒരു ചട്ടക്കൂടുമില്ലാത്ത പരിശീലനമായിരുന്നെന്ന് മാധവൻ പറയുന്നു. ഇതിനൊരു മാറ്റമുണ്ടാകണമെന്ന മനസ്സിലെ ആശയം രൂപപ്പെട്ടപ്പോൾ സി.എം. സുന്ദരം എന്ന സാത്വികനായ മന്ത്രിയായിരുന്നു തദ്ദേശസ്വയംഭരണവകുപ്പിന്. സർക്കാരിന്റെ പണം മുടക്കി ഇങ്ങനെയൊരു പരിശീലന കേന്ദ്രം അടുത്തെങ്ങും നടക്കില്ലെന്ന് ബോധ്യം വന്ന മാധവനെ വേറിട്ട ഒരു ചിന്തയിലേക്ക് നയിച്ചു. മുഖ്യമന്ത്രി കെ. കരുണാകരന്റെ കണ്ണടച്ചുള്ള പിന്തുണ (കരുണാകരന്റെ കണ്ണുറിക്കിയുള്ള ചിരി പ്രശസ്തമായിരുന്നു അക്കാലത്ത്) ഈ സംരംഭം യാഥാർത്ഥ്യമാക്കാൻ ഏറെ സഹായകമായിരുന്നതായി മാധവൻ ഓർക്കുന്നു. ഇന്നത്തെ അധികാരമൊന്നുമില്ലാത്ത 1001 പഞ്ചായത്തുകളായിരുന്നു അന്ന്. പഞ്ചായത്തുകളുടെ ഗ്രേഡ് (എ, ബി, സി) അനുസരിച്ച് ഓരോ പഞ്ചായത്തിൽ നിന്നും 15,000, 10,000, 5000 എന്നീ ക്രമത്തിൽ പഞ്ചായത്ത് ഡയറക്ടർ സർക്കാർ ഉത്തരവിലൂടെ പണം സമാഹരിച്ചുകൊണ്ടായിരുന്നു തുടക്കം. പഞ്ചായത്ത് ഭരണം ഡയറക്ടറുടെ കൈകളിലായതുകൊണ്ടും അന്ന് അതൊക്കെ സാധിച്ചു, മാധവൻ പറയുന്നു. ഇന്നാണെങ്കിൽ ശ്രമകരമാണ്. ആദ്യം സമാഹരിച്ച 75 ലക്ഷം രൂപ സംസ്ഥാന സഹകരണബാങ്കിൽ നിക്ഷേപിച്ചു. ട്രഷറിയിൽ ഈ തുക നിക്ഷേപിക്കാൻ ഏറെ നൂലാമാലകൾ ഉണ്ടായിരുന്നു. അക്കാലത്ത് ഏറെ വിവാദങ്ങളും ഉണ്ടായി. പിന്നീടാണ് കേന്ദ്രത്തിനു വേണ്ടിയുള്ള സ്ഥലത്തെക്കുറിച്ച് അന്വേഷണം ആരംഭിക്കുന്നത്. അന്ന് പഞ്ചായത്ത് വകുപ്പ് ചുമതലപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥൻ തിരുവനന്തപുരത്ത് നേമത്തിനടുത്ത് 5 സെന്റ് സ്ഥലം കണ്ടെത്തിയെന്ന് വലിയ കാര്യമായി വന്നതും അക്കാലത്തെ വകുപ്പിന്റെ കാഴ്ചപ്പാട് അത്രമാത്രമായിരുന്നുവെന്നും മാധവൻ പറയുന്നു.

എന്നാൽ തന്റെ മനസ്സിൽ വലിയൊരു കാമ്പസ്സാണെന്നും അത് കേരളത്തിന്റെ മധ്യഭാഗത്താകണമെന്നുമായിരുന്നു മാധവന്റെ താൽപര്യം. അങ്ങനെ അന്വേഷണം തൃശൂർക്കായി. അന്ന് വിനോദ് റായ് ആയിരുന്നു ജില്ലാ കളക്ടർ. മുളംകുന്നത്തുകാവിലെ ഒരു റബ്ബർ പ്ലാന്റേഷൻ അനുയോജ്യമാണെന്ന് കണ്ടെത്തി. നഗരത്തിൽ നിന്നും മാറിയ ഈ സ്ഥലം വികസനം എത്താത്ത പ്രദേശമായിരുന്നു. സെന്റിന് 1680 രൂപയ്ക്കായിരുന്നു വാങ്ങിയത്. പിന്നെയെല്ലാം വളരെ പെട്ടെന്നുതന്നെ കാര്യങ്ങൾ മുന്നോട്ടുപോയി. ഇതിനിടെ പഞ്ചായത്തുകളിൽ നിന്ന് വീണ്ടും 75 ലക്ഷം രൂപ കൂടി കണ്ടെത്തി. ഏറെ വിമർശനങ്ങൾ കേട്ടെങ്കിലും സർക്കാരിന്റെ ചീഫ് ആർക്കിടെക്ട് തോമസ് പണിക്കർ മാധവനുമായി നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ഒരേ മനസ്സോടെ മുന്നേറി. കേന്ദ്രത്തിന്റെ പണി പൂർത്തിയാകുമ്പോൾ വി.ജെ. തങ്കപ്പനായിരുന്നു തദ്ദേശസ്വയംഭരണമന്ത്രി. സ്ഥാപനത്തിന്റെ ഉദ്ഘാടനത്തിന് അന്നത്തെ കേന്ദ്ര ഗ്രാമവികസന മന്ത്രി ഉപേന്ദ്രനാഥ വർമ്മയും ഉണ്ടായിരുന്നു. ഈ പരിശീലനകേന്ദ്രത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് ചോദിച്ചറിഞ്ഞ കേന്ദ്രമന്ത്രി എൻ.വി. മാധവനെ ഡൽഹിക്ക് ക്ഷണിച്ചു. അങ്ങനെ ഇൻസ്റ്റിറ്റ്യൂട്ടിന് കേന്ദ്രത്തിന്റെ 80 ലക്ഷം രൂപ ധനസഹായവും ലഭിച്ചു. അക്കാലത്ത് കേന്ദ്ര ഗ്രാമവികസനവകുപ്പ് ജോയിന്റ് സെക്രട്ടറിയായിരുന്ന സരളാ ഗോപാലൻ കിലയിലെത്തി സന്തുഷ്ടി രേഖപ്പെടുത്തിയ കാര്യവും മാധവൻ ഓർക്കുന്നു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ ഹൈദരാബാദ് – രാജേന്ദ്ര നഗറിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (എൻ.ഐആർഡി) രജിസ്ട്രാറായിരുന്ന മാത്യു സി. കുന്നുങ്കൽ ആദ്യ ഡയറക്ടറായി. 1991 ൽ ആദ്യമായും അവസാനമായും നിലവിൽ വന്ന ജില്ലാ കൗൺസിൽ അംഗങ്ങൾക്ക് പരിശീലനം നൽകിക്കൊണ്ടായിരുന്നു കിലയുടെ തുടക്കം. ഇന്ന് പതിനായിരക്കണക്കിന് പരിശീലനാർത്ഥികൾ കിലയുടെ പരിശീലനക്കളരിയിൽനിന്നും അവരുടെ പ്രവർത്തനമേഖലകളിൽ വ്യാപരിച്ചിട്ടുണ്ട്.



കിലകാമ്പസിൽ ഒരുക്കിയ ഗ്രാമസഭയുടെ ശിൽപ്പമാതൃക




കിലയിലെ റിസർച്ച് ലൈബ്രറി കെട്ടിടം

## പരിശീലനങ്ങൾ

കിലയുടെ ശക്തിയും സ്രോതസ്സും കിലയ്ക്ക് നേരിട്ട് ബന്ധം അവകാശപ്പെടാനില്ലാത്ത അകന്ന ബന്ധുക്കളുടെ ഗണത്തിൽപ്പെട്ട എക്സ്റ്റൻഷൻ ഫാക്കൽട്ടി എന്ന വിളിപ്പേരിലറിയപ്പെടുന്ന 500 ഓളം വരുന്ന സമൂഹത്തിന്റെ പരിച്ഛേദമാണ്. ഇതിൽ അദ്ധ്യാപകർ, ഉദ്യോഗസ്ഥർ, സർക്കാർ സേവനത്തിൽ നിന്ന് വിരമിച്ചവർ, ഗവേഷകർ, അറിവും അനുഭവവും ഏറെയുള്ളവർ, ജനപ്രതിനിധികൾ, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സന്നദ്ധ പ്രവർത്തകർ ഇങ്ങനെ  എക്സ്റ്റൻഷൻ  എന്ന വാക്കിന്റെ അർത്ഥം പോലെ തന്നെ നീണ്ടുപോകുന്നതാണ് ഈ ഫാക്കൽട്ടികളുടെ വൈവിധ്യ നിര. അതുകൊണ്ടുതന്നെ സർക്കാർ വിലാസം പരിശീലനകേന്ദ്രത്തിനപ്പുറം ക്രിയാത്മകമായ ഇടപെടലിലൂടെ സ്വിച്ച് ഇട്ടാൽ ബൾബ് കത്തുന്ന വേഗത്തിൽ പരിശീലനം സുഗമമാകുന്നതെന്ന പ്രത്യേകതയും കിലയ്ക്ക് മാത്രം അവകാശപ്പെട്ടതാണ്.

ഒരു വർഷം 365 ദിനമെങ്കിൽ കിലയുടെ പരിശീലന കലണ്ടറിൽ പരിശീലന ദിനങ്ങൾ എണ്ണി നോക്കിയാൽ 365 ദിനങ്ങളിൽ ഒതുങ്ങുന്നതല്ല. ഗ്രാമസഭ, ഗ്രാമസ്വരാജ്, വാർഡ് സഭ, ഊരുക്കൂട്ടം, നഗരോദയ, ബെൽവന്തറായ് മേത്ത, അശോക് മേത്ത തുടങ്ങി പേരുകളിലറിയുന്ന കിലയിലെ പരിശീലന വേദികളിൽ ഒരേസമയം വ്യത്യസ്ത വിഷയങ്ങളിൽ 300 ലധികം പേർക്ക് പരിശീലനം നൽകാൻ കഴിയും. കൂടാതെ ജില്ലാ തലത്തിൽ വികേന്ദ്രീകൃത രീതിയിൽ പരിശീലനം വേറെയും. ഇക്കഴിഞ്ഞ നവംബറിൽ പ്രാദേശികഭരണത്തിൽ വിദ്യാഭ്യാസ വിജ്ഞാനവ്യാപന ബോധനത്തിനായി ഹയർ സെക്കന്ററി വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ഒരാഴ്ചകൊണ്ട് അര ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് നൽകിയ പരിശീലനം ഏറെ ശ്രദ്ധ പിടിച്ചുപറ്റിയത് വേറിട്ട അവതരണ രീതിയിലൂടെയായിരുന്നു. ഈ വിദ്യാർത്ഥികളാണ് 2015 ൽ നടക്കുന്ന പഞ്ചായത്തീരാജ് തെരഞ്ഞെടുപ്പിൽ പൗരബോധമുള്ള വോട്ടർമാരായി മാറുന്നതെന്ന പ്രത്യേകതയും ഈപരിശീലനത്തിന് പിന്നിലുണ്ടായിരുന്നു.

പരിശീലനത്തിനൊപ്പം പഠനഗവേഷണങ്ങൾ, നയരേഖാരൂപീകരണം, ഉപദേശങ്ങൾ, നിർദ്ദേശങ്ങൾ, പഞ്ചായത്തംഗങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ, പ്രാദേശിക വികസനമാതൃകകൾ പരിചയപ്പെടുത്തുന്ന പഞ്ചായത്തിൽനിന്നും പഞ്ചായത്തിലേക്ക് എന്ന പഠന സന്ദർശന പരിപാടി, അടിസ്ഥാന വിവരശേഖരണം, സംശയനിവാരണത്തിനുള്ള ഹെൽപ്പ് ഡെസ്ക്ക് ഇങ്ങനെ ത്രിതല പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഒരു രാസത്വരകമായി വർത്തിക്കുവാൻ കിലയ്ക്ക് ആയിട്ടുണ്ട്. 12,000 ലധികം പുസ്തകശേഖരങ്ങളുമായി വിശാലമായ റെഫറൻസ് ലൈബ്രറി, 16 ലധികം ജേണലുകൾ, ആനുകാലികങ്ങൾ, അതിനോടു ചേർന്ന് ഗാന്ധി ഗ്രാമസ്വരാജ് ആർട്ട് ഗ്യാലറി. ചൈൽഡ് റിസോഴ്സ് സെന്റർ, സെൻട്രൽ യുണിവേഴ്സിറ്റി ഗവേണകേന്ദ്രം,പ്രസിദ്ധീകരണ വിഭാഗം പഠനഗവേഷണ റിപ്പോർട്ടുകൾ, ഡോക്യുമെന്ററികൾ എന്നിങ്ങനെ അന്താരാഷ്ട്ര നിലവാരമുള്ള പഠന പരിശീലനകേന്ദ്രമാണ് കില.

300 ലധികം പേർക്ക് താമസിക്കാനുള്ള ഹോസ്റ്റൽ സൗകര്യം, ആഡിറ്റോറിയം, ഗസ്റ്റ് ഹൗസ്, നക്ഷത്രവനം, പഴയകാല ഗ്രാമസഭാമാതൃക, ഔഷധസസ്യ തോട്ടം, മഴവെള്ള സംഭരണി, മാതൃകാ അങ്കണവാടി, സ്റ്റാഫ് ക്വാട്ടേർസ് ഉൾപ്പെടെ 20 ഏക്കറിൽ വ്യാപിച്ചു കിടക്കുന്നതാണ് കില കാമ്പസ്.

## ജൂബിലിനിറവിൽ

1995 ൽ കണ്ണൂരിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന ഡോ. പി.പി. ബാലൻ ഇത് രണ്ടാം തവണയാണ് കിലയുടെ തലവനായിരിക്കുന്നത്. അദ്ദേഹത്തിന്റെ ദേശീയവും അന്തർദേശീയ തലത്തിലുമുള്ള ബന്ധം കിലയ്ക്ക് മുതൽക്കൂട്ടാണ്. ജൂബിലി വർഷത്തിൽ നിരവധി നവീനങ്ങളായ ആശയങ്ങളാണ് കിലയ്ക്കുള്ളത്. അതിലേറെ പ്രാധാന്യത്തോടെ കാണുന്നത് 2015 ൽ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വാർഡുകൾ കേന്ദ്രീകരിച്ച് ആരംഭിക്കുന്ന സേവാഗ്രാം – ഗ്രാമകേന്ദ്രങ്ങളാണ്. ഇതിനു പിന്നിൽ കിലയുടെ ഇടപെടൽ സജീവമായിരുന്നു. ഇതിലൂടെ ഗാന്ധിജി വിഭാവനം ചെയ്ത സ്വയംപര്യാപ്തതയിലൂന്നിയ മാതൃകാഗ്രാമങ്ങളിലേക്കുള്ള ചുവടുവയ്പ്പാണെന്ന് ബാലൻ പറയുന്നു. അതിനുള്ള പരിശീലനം പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെ എല്ലാവർക്കും പൂർത്തിയായി. മറ്റൊന്ന് കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതിയുടെ സംയോജനത്തിലൂന്നിയ ഗ്രാമപഞ്ചായത്തുകളുടെ വികസനാസൂത്രണം. വിഷൻ 2030 – നിയമസഭാ സാമാജികരുടെ കാഴ്ചപ്പാടുകൾക്ക് ഗ്രാമപഞ്ചായത്തിലൂന്നിയ വികസനപരിപ്രേക്ഷ്യം സൃഷ്ടിച്ചെടുക്കുക, ഇപ്പോൾ പ്രധാനമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള സൻസദ് ആദർശ് പദ്ധതിക്ക് അനുയോജ്യമായി എം.പി. മാരുടെ നേതൃത്വത്തിൽ തുടക്കമിടുന്ന മാതൃകാഗ്രാമങ്ങൾക്കാവശ്യമായ പിന്തുണാസംവിധാനം ഉറപ്പാക്കുക, കിലയെ സർവ്വകലാശാലയാക്കി മാറ്റുക, വികേന്ദ്രീകൃത ആസൂത്രണ പഠന ഗവേഷണ പരിപാടികളിൽ രാജ്യാന്തര വിദ്യാഭ്യാസകേന്ദ്രമായ സൗത്ത് ഏഷ്യൻ സ്കൂൾ ഓഫ് ലോക്കൽ ഗവേർണൻസിനെ ശാക്തീകരിക്കുകതുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ജൂബിലി വർഷത്തിൽ ലക്ഷ്യമിടുന്നത്. 2015 പഞ്ചായത്ത് തെരഞ്ഞെടുപ്പ് വർഷമാണ്. പുതുതായി തെരഞ്ഞെടുക്കുന്ന 12000 ലധികം വരുന്ന ജനപ്രതിനിധികൾക്കുള്ള പരിശീലനം സമയബന്ധിതമായി സംഘടിപ്പിക്കുക എന്ന ശ്രമകരമായ ദൗത്യം ജൂബിലി വർഷത്തിൽ കിലയ്ക്കുണ്ട്.

**അനിൽകുമാർ പി.വൈ.**
എക്സ്റ്റൻഷൻ ഫാക്കൽറ്റി,കില




കിലയിലെ സെൻട്രൽ യൂണവേഴ്സിറ്റി ഗവേഷണകേന്ദ്രം വൈസ് ചാൻസലർ ഡോ.**ഗോപകുമാർ** ഉദ്ഘാടനം ചെയ്യുന്നു

## ചോദിക്കൂ പറയാം

? പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു ഭവനനിർമ്മാണത്തിനു ഭൂമി വാങ്ങുവാൻ സ്റ്റാമ്പ് ഡ്യൂട്ടി ഇളവു അനുവദിച്ച് ഉത്തരവുണ്ടോ?

● ഉത്തരവുണ്ട്. സർക്കാർ ഉത്തരവ് (പി) നമ്പർ 97/97/ ടി.ഡി. തീയതി.20.7.1997 (എസ് ആർ ഒ നമ്പർ 602/97 ഉം സർക്കാർ ഉത്തരവ് (പി)108/2000/ടി.ഡി തീയതി 4.7.2000 എന്നീ ഉത്തരവുകൾ കാണുക. (കില പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവുകൾ വാല്യം 3 ൽ ഈ ഉത്തരവുകൾ ഉണ്ട്.

? ഗുണഭോക്തൃസമിതി മുഖേന ചെയ്യാവുന്ന പ്രവർത്തികളുടെ തുകയിൽ മാറ്റം വരുത്തിയതായി അറിഞ്ഞു. ശരിയാണോ?

● ശരിയാണ്. 5 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന എല്ലാ നിർമ്മാണപ്രവർത്തികളും ഇ.ടെണ്ടർ മുഖേന നടപ്പാക്കേണ്ടതാണ്. അഞ്ചുലക്ഷം രൂപയിൽ താഴെയുള്ള പ്രവർത്തികൾ ഗുണഭോക്തൃസമിതി മുഖേനയോ ടെണ്ടർ വഴിയോ ചെയ്യാവുന്നതാണ്.(സ.ഉ. (സാധാ)1288/2015 തസ്വഭവ. തീയതി.30.4.2015 ഉത്തരവു കാണുക.

? വികലാംഗപെൻഷന് അസ്ഥിവൈകല്യം 40 ശതമാനം, മാനസികവൈകല്യം ഐ.ക്യൂ 50 ൽ താഴെ എന്നൊക്കെ പറയുന്നു. ഏതു ഉത്തരവിലാണ് അപ്രകാരം പറയുന്നത്.

● ശാരീരിക-മാനസിക ഭിന്നശേഷിയുള്ളവർക്കു ആനുകൂല്യങ്ങൾ നൽകുമ്പോൾ അവരുടെ അർഹത പരിശോധിക്കേണ്ടതുണ്ട്. അപ്രകാരം അർഹതാമാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുന്ന ഉത്തരവ് ജി.ഒ.1 നമ്പർ154/82/ എൽ.2 എസ് ഡബ്ലിയു.ഡി. തീയതി. 6.9.1982 നമ്പറായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ തരത്തിലുള്ള ഭിന്നശേഷിക്കാർക്കും അർഹത നിർണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. (കില പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവുകളുടെ 13-ാം വാല്യംകാണുക)

? കേരളത്തിൽ പഞ്ചായത്ത് രാജ് നിയമപ്രകാരം കെട്ടിടം പണിയാൻ എല്ലാ കെട്ടിടങ്ങൾക്കും പെർമിറ്റ് ആവശ്യമാണോ?

● കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടപ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങൾക്കു ഒഴികെ മറ്റെല്ലാ കെട്ടിടങ്ങൾക്കും പെർമിറ്റ് ആവശ്യമാണ്. ഒരു പ്ലോട്ടിൽ നിലവിലുള്ളതും പണിയാൻ ഉദ്ദേശിക്കുന്നതുമുൾപ്പെടെ 100 ചതുരശ്രമീറ്റർ വരെ തറ വിസ്തീർണ്ണമുള്ളതും രണ്ടുനിലയിൽ കവിയാത്തതുമായ ഏക കുടുംബവാസഗൃഹം നിർമ്മിക്കാൻ പെർമിറ്റ് ആവശ്യമില്ല. എ-2 ഫോറത്തിൽ അറിയിച്ചാൽ മതി.

(കെ.പി.ബി.ആർ. റൂൾ 132,133 പ്രകാരം) ഒരു പ്ലോട്ടിൽ നിലവിലുള്ളതും പണിയാൻ ഉദ്ദേശിക്കുന്നതുമായ എ.2 ലോഡ്ജിംഗ്, എഫ് കാറ്റഗറിയിൽപെട്ട (കമേഴ്സ്യൽ/ മാർക്കന്റയിൻ), കയർ, പൗൾട്രി ഫാം, ലൈവ്സ്റ്റോക്ക് ഫാം, പരമ്പരാഗത കയർനിർമ്മാണ യൂണിറ്റ്, കശുവണ്ടി സംസ്കരണ യൂണിറ്റ്,കുമ്മായ ചൂളകൾ, മരം, ലോഹ പണിശാലകൾ എന്നിവയ്ക്കു ആവശ്യമാണ്.കെ.പി.ബി. ആർ റൂൾ 132 നു ഭേദഗതി വന്നിട്ടുണ്ട്. ജി.ഒ.(പി) 181/ 2015 തസ്വഭവ.തീയതി 28.5.2015 പ്രകാരമുള്ള ഭേദഗതി ഉത്തരവ് 3.6.2015 ലെ ഗസറ്റിൽ (എസ്.ആർ.ഒ നമ്പർ 362/ 15 ചേർത്തിട്ടുണ്ട്.

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097**

? പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു കമ്പ്യൂട്ടർ വാങ്ങി കൊടുക്കാമെന്നു പറയുന്നു. ആർക്കൊക്കെയാണ് ഇപ്രകാരം കമ്പ്യൂട്ടർ നൽകാവുന്നത്?

● പ്രൊഫഷണൽ കോളേജിൽ പഠിക്കുന്നവർക്കും പോസ്റ്റ് ഗ്രാജുവേഷനു പഠിക്കുന്നവർക്കും കമ്പ്യൂർ അധിഷ്ഠിത കോഴ്സുകളിലും പോളിടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കുമാണ് കമ്പ്യൂട്ടർ/ലാപ് ടോപ്പ് വാങ്ങി നൽകുന്നതിനു ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിററികൾക്കും അനുമതി നൽകിയിട്ടുള്ളത്.(ഉത്തരവ് നമ്പർ.സ.ഉ.(സാധാ)787/2015 തസ്വ ഭവ. തീയതി18.3.2015)

? പഞ്ചായത്തുകളിൽ പദ്ധതി തയ്യാറാക്കി നടപ്പാക്കുമ്പോൾ ചിലതു പാതിവഴിയിൽ ഉപേക്ഷിക്കുകയും പന്നീട് അതു തീർക്കുവാൻ പുതിയ പ്രോജക്ടുകൾ വയ്ക്കുകയും ചെയ്യുന്നു. ഈ നടപടി ശരിയാണോ? ഇത്തരം പ്രവണത തടയാൻ എന്താണ് നടപടി സ്വീകരിക്കേണ്ടത്?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഒരിക്കൽ തയ്യാറാക്കിയ പദ്ധതികൾ അംഗീകരം ലഭിച്ച് കാരാർ പ്രകാരം പണി തുടങ്ങിയെങ്കിൽ അതു കരാർ വ്യവസ്ഥ അനുസരിച്ച് പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ അതു പൂർത്തീകരിക്കാതെ ഇടയ്ക്കുവച്ച് നിർത്തിക്കളയുകയും അതേ പദ്ധതി തന്നെ പുതിയ പ്രോജക്ടായി നടപ്പാക്കുകയുമാണെങ്കിൽ പദ്ധതിക്കായി ആദ്യം കൈപ്പറ്റിയ തുക 18 ശതമാനം പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. മാത്രമല്ല അപ്രകാരമുള്ള ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വ്യവ്സ്ഥ ചെയ്യുന്നു.തദ്ദേശസ്ഥാപനങ്ങൾ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഫലപ്രദമായ മോണിറ്ററിംഗ് നടത്തേണ്ടതാണ്. (സർക്കുലർ നമ്പർ 42648/ഡി.എ.1/2014 തസ്വഭവ.തീയതി.17.01.2015)

? തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ കണക്കുകൾ വിവിധ ഓഡിറ്റിംഗിനു വിധേയമാണ്. എന്നാൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംവിധാനത്തിനു ഇപ്രകാരം ഓഡിറ്റ് ബാധകമല്ലേ?

● ബാധകമാണ്. കുടുംബശ്രീ മിഷന്റെ ഓഡിറ്റിംഗ് നടക്കുന്നുണ്ട്.ഇപ്പോൾ തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിലുള്ള പെർഫോർമൻസ് ഓഡിററ് വിഭാഗത്തെ കുടുംബശ്രീയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൂന്നു മാസം കൂടുമ്പോൾ കുടുംബശ്രീയുടെ കണക്കുകളും പ്രവർത്തനങ്ങളും പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ത്രൈമാസ പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് പതിനഞ്ചു ദിവസത്തിനകം പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, സി.ഡി.എസ് മെമ്പർ സെക്രട്ടറി എന്നിവരടങ്ങുന്ന സമിതി റിപ്പോർട്ട് പരിശോധിച്ച് അവലോകനം ചെയ്യുകയും ആവശ്യമായ തുടർനടപടകൾ സ്വീകരിക്കേണ്ടതുമാണ്.കുടുംബശ്രീയുമായി ബന്ധപ്പെട്ട രേഖകളും കണക്കുകളും യഥാസമയം ഓഡിറ്റിനു വിധേയമാക്കാൻ കുടുംബശ്രീ മെമ്പർ സെക്രട്ടറിക്കു ചുമതലയുണ്ട്. (സർക്കുലർ നമ്പർ എൽ.എസ്.ജി.ഡി-എ ഓ-1/54/2015/ തീയതി. 19.5.2015)



സേവാഗ്രാം ഗ്രാമകേന്ദ്രത്തെക്കുറിച്ച് ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിലെ രാഷ്ട്രീയപാർട്ടി പ്രതിനിധികൾക്കുള്ള പരിശീലന പരിപാടി ഗവ.ചീഫ്വിപ്പ് **തോമസ് ഉണ്ണിയാടൻ** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# സേവാഗ്രാം ഗ്രാമകേന്ദ്രത്തിന്റെ പ്രവർത്തനം എങ്ങനെ?

**സം**സ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും നഗരസഭകളിലും വാർഡ്കേന്ദ്രം/ഗ്രാമകേന്ദ്രം സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ച് 25.6.2014 ൽ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചുവെങ്കിലും ഈ കേന്ദ്രങ്ങൾ എങ്ങനെ പ്രവർത്തിപ്പിക്കണമെന്ന് ഇന്നും ധാരണയില്ല. സംസ്ഥാനതലം മുതൽ ഗ്രാമതലം വരെ വിവിധ ഘട്ടങ്ങളിലായി ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും രാഷ്ട്രീയപാർട്ടിപ്രതിനിധികൾക്കും കില പരിശീലനം നൽകിയിരുന്നുവെങ്കിലും ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. പുതിയ പദ്ധതിക്കു രൂപം നൽകുമ്പോൾ ഗ്രാമകേന്ദ്രങ്ങളിൽനിന്നുള്ള കമ്മ്യൂണിറ്റി പ്ലാൻ കൂടി ശേഖരിക്കണമെന്നു നിഷ്കർഷിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 60 നും 100 നും ഇടയിൽ വരുന്ന വീടുകളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന അയൽസഭകൾ ശക്തിപ്പെടുത്തുകയാണ് ആദ്യം വേണ്ടത്. അയൽസഭകളിലെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന വാർഡ് വികസന സമിതിയുടെ പ്രവർത്തനം സജീവമാക്കണം. വാർഡിൽ നടക്കുന്ന ഭരണ-വകസന-ക്ഷേമ-സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങൾ കൂട്ടായി ചർച്ചചെയ്യുന്നതിനും വിലയിരുത്തുന്നതിനും അവ നടപ്പാക്കുന്നതിൽ വാർഡ് വികസനസമിതിയെ സഹായിക്കുന്നതിനുവേണ്ടിയുള്ള വികേന്ദ്രീകൃതഭരണസേവനകേന്ദ്രമായി സേവാഗ്രാം പ്രവർത്തിക്കണം. 25 പേരടങ്ങുന്ന സന്നദ്ധപ്രവർത്തരുടെ കമ്മിറ്റി സജീവമായി പ്രവർത്തിച്ചാൽ മേൽപറഞ്ഞ വികേന്ദ്രീകൃത ഭരണസേവനപ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടത്താൻ കഴിയും.

കുടുംബശ്രീ സംവിധാനവും ആശാപ്രവർത്തകരുടെ സേവനവും സേവാഗ്രാം പ്രവർത്തനം മെച്ചപ്പെടുത്താൻ പ്രയോജനപ്പെടുത്താവുന്നതാണ്. വാർഡുമായി ബന്ധപ്പെട്ട പ്രധാന സ്ഥിതിവിവരങ്ങൾ, ഭൂപടങ്ങൾ, അവസ്ഥാപഠനങ്ങൾ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നതിനും വാർഡുതല വികസനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സന്നദ്ധപ്രവർത്തകയും കുടുംബശ്രീ അംഗത്വവുമുള്ള ഒരു വ്യക്തിയെ ചുമതലപ്പെടുത്താവുന്നതാണ്. സർക്കാരിന്റെ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുവാനും ഇവരെ നിയോഗിക്കാം. സേവാഗ്രാം ഫെസിലിറ്റേറ്ററായ ഈ വ്യക്തി ആഴ്ചയിൽ അഞ്ചുദിവസം ദിവസേന വൈകീട്ട് 3 മുതൽ 7 വരെ ഗ്രാമകേന്ദ്രത്തിൽ ഉണ്ടായിരിക്കേണ്ടതുമാണ്. സി.ഡി.എസിന്റെയും എ.ഡി.എസിന്റെയും സഹായത്തോടെ ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം ഫെലിസിറ്റേറ്റർ ഗ്രാമസഭാപ്രവർത്തനങ്ങളും വാർഡ് വികസനപ്രവർത്തനങ്ങളും സുഗമമാക്കേണ്ടതാണ്. നികുതി പിരിവു തുടങ്ങിയ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലും ഇവർ സഹായിക്കണം.

പതിനെട്ടിനും നാൽപ്പത്തഞ്ചുവയസ്സിനും മദ്ധ്യേ പ്രായമുള്ള ആശവർക്കറോ കുടുംബശ്രീ പ്രവർത്തകരോ ആയ മൂന്നു പേരെ ഫെസിലിറ്റേറ്റർ സ്ഥാനത്തേക്കു സി.ഡി.എസിനു നിർദ്ദേശിക്കാവുന്നതാണ്. വാർഡുമെമ്പറുമായി ആലോചിച്ച് തദ്ദേശഭരണസ്ഥാപനത്തിന്റെ ഭരണസമിതിയാണ് ഏകകണ്ഠമായി തീരുമാനമെടുത്ത് ഒരാളെ ചുമതലപ്പെടുത്തേണ്ടത്. ഇക്കാര്യത്തിൽ ആശാവർക്കർമാർക്കു മുൻഗണന നൽകാവുന്നതാണ്. ഗ്രാമകേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി വകയിരുത്തുന്ന തുകയിൽനിന്ന് പ്രസ്തുത വ്യക്തിക്ക് പ്രതിമാസം 1000/-രുപ വീതം നൽകാം. വാർഡ് വികസനസമിതിയുടെ പരിപൂർണ്ണ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ്ഫെസിലിറ്റേറ്റർ പ്രവർത്തിക്കേണ്ടത്. ഫെസിലിറ്റേറ്ററുടെ നിയമനം കരാർ അടിസ്ഥാനത്തിൽ മൂന്നു വർഷത്തേക്കായിരിക്കും. (സർക്കുലർ നമ്പർ.55247/ഐ.എ/2014 തസ്വഭവ.തീയതി.6.02.2015)ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം ഏകോപനചുമതല പ്രസിഡന്റിനും സെക്രട്ടറിക്കുമായിരിക്കും. അയൽസഭകളെ ശക്തിപ്പെടുത്തി വാർഡ് വികസനസമിതികൾ സജീവമാക്കി ഫെലിസിറ്റേറ്റർമാരും വികസനസമിതിയംഗങ്ങളും കൂട്ടായി പ്രവർത്തിച്ചാൽ അധികാരം ജനങ്ങളിലേക്കു എന്ന ആശയവും സുതാര്യമായ ജനകീയഭരണം ഗ്രാമതലത്തിലും എത്തിച്ചേരുന്നാണ്.

**വിജിയെസ്** ഹെൽപ്പ് ഡെസ്ക്.

## ഗ്രാമകേന്ദ്രത്തിന്റെ ചുമതലകൾ

**ഗ്രാ**മസഭ/ വാർഡ്സഭ അംഗങ്ങളുടെ ഒത്തുചേരലിനുള്ള ഓഫീസായി സേവാഗ്രാം പ്രവർത്തിക്കണം. സർക്കാർ പ്രവർത്തനങ്ങളുടേയും ക്ഷേമപ്രവർത്തനങ്ങളുടേയും വിവരങ്ങൾ നൽകുന്ന ഇൻഫർമേഷൻ സെന്ററായി പ്രവർത്തിക്കേണ്ടതാണ്. ആരോഗ്യ-വിദ്യാഭ്യാസ-സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമായി മാറണം. തദ്ദേശഭരണസ്ഥാപനത്തിൽനിന്നു ലഭിക്കുന്ന സഹായങ്ങളുടെ വിവരങ്ങൾ നൽകുക, അപേക്ഷകൾ, നൽകുക, ഗുണഭോക്തൃലിസ്റ്റ് പരിശോധിക്കാൻ അവസരം നൽകുക, തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനങ്ങൾ മറ്റു രേഖകൾ തുടങ്ങിയവ നൽകുക എന്നിവയാണ് പ്രധാന ചുമതലകൾ. കൂടാതെ പഞ്ചായത്തിനു/മുനിസിപ്പാലിറ്റിക്കു വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ (ഹെൽത്ത് ഇൻസ്പെക്ടർ, വി.ഇ.ഒ, ആശാവർക്കർ, അങ്കണവാടി പ്രവർത്തകർ, കൃഷി അസിസ്റ്റന്റ്, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ,സാക്ഷരതാപ്രവർത്തകർ, പട്ടികജാതി-പട്ടികവർഗ്ഗ പ്രമോട്ടർമാർ) പ്രവർത്തനകേന്ദ്രം കൂടിയായിരിക്കും സേവഗ്രാം.


KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)